(ബി) എത്ര ലക്ഷം രൂപയുടെ പണി പൂർത്തിയായി എന്നും ഏതെല്ലാം പണികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഇനിയും ശേഷിക്കുന്ന പണികൾ അടിയന്തിരമായി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ ഭാഗങ്ങളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന നിവേദനങ്ങൾ അനുസരിച്ചുള്ള പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുത്തു കൊണ്ടിരിക്കുന്നു.

(ബി) 1985-86-ൽ ഏകദേശം 10 ലക്ഷം രൂപയുടെ പണി പൂർത്തിയായിട്ടുണ്ട്. കടപ്പട്ടൂർ ക്ഷേത്രത്തിന്റെ ഭാഗത്തും പൂവത്തുംമുട്ടിലും വൈലപ്പള്ളി കടവിലും സംരക്ഷണപണികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) ശേഷിക്കുന്ന പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോട്ടൂർ ആർ കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ

904. [1339] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ ;

(ബി) ഇനിയും ഏറ്റെടുത്തു നടത്തേണ്ട വർക്കുകൾ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളുടെ മുഴുവൻ ഭാഗങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഇല്ല. എന്നാൽ ഏതാനും ഭാഗങ്ങളിൽ സംരക്ഷണപണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പണികൾ മുൻഗണനാടിസ്ഥാനത്തിലും പണത്തിന്റെ ലഭ്യതയനുസരിച്ചും ഏറ്റെടുത്തു നടത്തുന്നതാണ്.

ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണം

905. [1340] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുളം പഞ്ചായത്തിലെ നെൽക്കൃഷിക്കു പ്രയോജനപ്രദമായ ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണ നടപടി ആരംഭിക്കാത്തതിന്റെ കാരണമെന്ത് ;

(ബി) പ്രസ്തുത ബണ്ടിന്റെ പണി ഉടനെ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മുളക്കുളം (സൗത്ത്) കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായോ ; ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാലാണ് പണി ആരംഭിക്കാത്തത്.

(ബി) പണത്തിന്റെ ലഭ്യതയനുസരിച്ച് പണി നടത്തുന്നതാണ്.

(സി) ഈ പദ്ധതിയുടെ പണി മിക്കവാറും പൂർത്തിയായി. അധികം താമസിയാതെ ഇതു കമ്മീഷൻ ചെയ്യുന്നതാണ്.

മുളക്കാൻചിറ കനാലിന്റെ വികസനം

906. [1341] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുളക്കാൻ ചിറ കനാൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപ്പുവർഷത്തെ ബഡ്ജറിൽ (1986-87) മുളക്കാൻചിറ കനാലിന്റെ വികസനത്തിനായി 100 രൂപ വക കൊള്ളിച്ചിട്ടുണ്ട്. എസ്റ്റിമേറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ തുക ലഭ്യമാക്കാൻ സാധിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

വർക്കല തോടിന്റെ സുരക്ഷിതത്വം

907. [1343] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല തുരങ്കത്തിൽ നടയറ മുതൽ നെടുങ്ങണ്ട ഒന്നാംപാലം വരെയുള്ള തോട് മണ്ണിടിഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കനാൽ സംരക്ഷിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അത്യാവശ്യമായ ഭാഗങ്ങൾ സുരക്ഷിതമാക്കാൻവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ് തുകയുടെ ലഭ്യതയനുസരിച്ച് കൂടുതൽ സംരക്ഷണ പണികൾ ഏറ്റെടുക്കുന്നതാണ്.

മംഗലം ഡാം

908. [1344] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിൽ സ്ഥിതിചെയ്യുന്ന മംഗലം ഡാം പദ്ധതി ഉയർത്തണമെന്ന് നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ച് ആരിൽനിന്നെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly